(ബി) 6-5-2013-ലെ ജി.ഒ.(ആർ.റ്റി.) 1209/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷനുകൾ 25 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് /മുനിസിപ്പാലിറ്റികൾ 10 ലക്ഷം രൂപ ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപ എന്ന പരമാവധി നിരക്കിൽ എല്ലാ സാമ്പത്തിക വർഷവും തനത്/പ്ലാൻ ഫണ്ടിൽ നിന്നും സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുന്ന തുക കൊണ്ടുമാത്രം മിഷൻ നടപ്പിലാക്കുന്ന വയോമിത്രം ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ വിഘ്നം കൂടാതെ നടത്തിക്കൊണ്ട് പോകുവാൻ കഴിയുകയില്ലെന്ന വസ്തുത പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുവാൻ സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി) ഇല്ല.

(ഇ) വയോമിത്രം പദ്ധതി കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വി-കെയർ പദ്ധതി

271 (1696) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വി-കെയർ എന്ന പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്നും ആയത് ഏതെല്ലാം ഏജൻസികൾ മുഖാന്തരമാണെന്നും ഇനം തിരിച്ച് അറിയിക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നുള്ളത് ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം നഷ്ടളിതുവരെ 5,94,63,470 രൂപ സമാഹരിച്ചിട്ടുണ്ട്. ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമാണ്. അവയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/വ്യക്തികൾ/ ഏജൻസികൾ/മറ്റ് സ്ഥാപനങ്ങൾ | തുക |
|---|---|---|
| 1. | ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ | 5,93,88,470 |
| 2. | ഷെഫി അൽഹസൻ, അബുദാബി | 10,000 |
| 3. | രാഷ്ട്രദീപിക ലിമിറ്റഡ്, തിരുവനന്തപുരം | 10,000 |
| 4. | രഘുനാഥൻ മാസ്റ്റർ, പുതുപ്പാടി, കോഴിക്കോട് | 25,000 |
| 5. | ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രവും കൊല്ലം വിക്ടോറിയ ആശുപത്രിയും സംയുക്തമായി നൽകിയ സംഭാവന | 30,000 |
| | ആകെ | 5,94,63,470 |

(സി) പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ നിന്നും ഇതുവരെ 23,67,583 രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ വി-കെയർ പദ്ധതി ധനസഹായ വിതരണത്തിനായി 1,88,000 രൂപയും, പബ്ലിസിറ്റി, ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ജില്ലാതല യോഗങ്ങൾ, എന്നിവയ്ക്കായി 21,79,583 രൂപയും ഉൾപ്പെടെ ആകെ 23,67,583 രൂപയും ചെലവഴിച്ചിട്ടുണ്ട്.

**വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ**

272 (1697) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗർക്ക് എത്ര മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ നൽകിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇതിനായി അപേക്ഷിച്ചിട്ടുള്ള എത്ര പേർക്ക് ഇനിയും പ്രസ്തുത വാഹനം നൽകാനുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) ഈ വാഹനം ലഭിക്കുന്നതിനായി എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്നും അറിയിക്കുമോ ;

(ഇ) അപേക്ഷ സ്വീകരിച്ചുകഴിഞ്ഞാൽ എത്ര ദിവസത്തിനകം പ്രസ്തുത ആനുകൂല്യം നൽകുമെന്നുള്ള വിവരം അറിയിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly